# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 13.05.2023 മുതൽ 17.05.2023 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 19/2023 (38) വെള്ളിയാഴ്ച്ച | തീയ്യതി 12/05/2023 |
|---|---|

| 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം : | | | | | |
|---|---|---|---|---|---|
| കാലാവസ്ഥാ ഘടകങ്ങൾ | 13.05.2023 | 14.05.2023 | 15.05.2023 | 16.05.2023 | 17.05.2023 |
| മഴ (മില്ലി മീറ്റർ) | 0.1 | 0.1 | 3 | 0 | 0 |
| ഉയർന്ന താപനില (°C) | 33 | 34 | 34 | 33 | 34 |
| കുറഞ്ഞ താപനില (°C) | 27 | 26 | 26 | 26 | 27 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 88 | 88 | 88 | 88 | 86 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 56 | 56 | 62 | 60 | 60 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 4 | 4 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 270 | 290 | 290 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 6 | 6 | 5 | 6 | 5 |
| കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത. | | | | | |

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: മൂപ്പെത്തിയ പാടശേഖരങ്ങളിൽ കഴിയുന്നതും വേഗം വിളവെടുക്കുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക. കാലവർഷാരംഭത്തിനു മുൻപേ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. മണ്ണിന്റെ ഈർപ്പം നിലനിർത്താൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | ചെമ്മീൻ / മത്സ്യ കൃഷി അവസാനിപ്പിച്ച് പാടം വറ്റിച്ച് ത്തുമ്പുകളും പുറം ബണ്ടുകളും ശക്തമാക്കുക, നെൽകൃഷിക്കായുള്ള കൂനയെടുക്കൽ ആരംഭിക്കുക, വിത്ത് ശേഖരിച്ചുവെക്കുക. |
| നെല്ല് (പുഞ്ച) | പോള രോഗം | നാല് ഗ്രാം ട്രൈഫ്ലോക്‌സിസ്ട്രോബിൻ + ടെബുകൊണസോൾ മിശ്രിതം പത്തു ലിറ്റർ വെള്ളത്തിൽകലക്കി തളിക്കുക. |
| പച്ചക്കറികൾ | മണ്ഡരി | ആരംഭത്തിൽ വേപ്പെണ്ണ - വെളുത്തുള്ളി മിശ്രിതം (20 മി.ലി. വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളി അരച്ചത്,5 ഗ്രാം സോപ്പ് ഒരു ലിറ്റർ വെള്ളത്തിന്) അല്ലെങ്കിൽ ഒരു ശതമാനം അസാഡിറാക്ടിൻ (10 മി.ലി. ഒരു ലിറ്റർ വെള്ളത്തിന്) തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ സ്പൈറോമെസിഫെൻ 22.9 SC ഒരു മി.ലി. ഒരു ലിറ്റർ വെള്ളത്തിന് അല്ലെങ്കിൽ ഫെനസാക്വിൻ 0 EC 2.5 മി.ലി. ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിക്കുക. |
| മഞ്ഞൾ / ഇഞ്ചി | മൂടചീയൽ രോഗം | നിലം ഒരുക്കുന്ന സമയത് സെന്റിന് രണ്ടു മുതൽ മൂന്ന് വരെ കിലോഗ്രാം കുമ്മായം ഇടാവുന്നതാണ്. മൂടചീയൽ രോഗത്തിന് എതിരെ മുൻകരുതലായി വിത്തുകൾ 0.3 ശതമാനം മാങ്കോസെബ് അല്ലെങ്കിൽ സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കി വെച്ച ശേഷം നടുക. ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകം / കമ്പോസ്റ്റ് ഇട്ടുകൊടുക്കുക. |

മൃഗസംരക്ഷണം:- ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. തൊഴുത്തിലോ, പരിസരത്തോ എലി ശല്ല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. കന്നുകാലികൾക്കു ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിന്ന് അകറ്റി നിർത്തുക. (CAADECCS, KVASU, Mannuthy).